LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമ വികസന പദ്ധതികളുടെ നിർവഹണം സംബന്ധിച്ച കേന്ദ്ര മാനദണ്ഡങ്ങൾ

14 (1410) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ വികസന പദ്ധതികളുടെ നിർവഹണത്തിൽ കേന്ദ്ര മാനദണ്ഡങ്ങൾ തടസ്സം സൃഷ്ടിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നിർവഹണത്തിൽ കേന്ദ്ര മാനദണ്ഡങ്ങളിൽ എന്തെല്ലാം ഇളവുകൾ വരുത്തുകയുണ്ടായി ;

(ഡി) പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതുമൂലം എന്തെല്ലാം നേട്ടങ്ങൾ ലഭിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾ അനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ കേന്ദ്ര മാനദണ്ഡങ്ങളിൽ വരുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഈ കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

15 (1411) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ ഓരോന്നിനും 2012-13, 2014-15 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എത്രയെന്ന വ്യക്തമാക്കാമോ ;

(സി) ലാപ്സായ തുക പദ്ധതി തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ചെലവഴിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് തുകയായി കണക്കാക്കുന്നതിനാൽ തുകയൊന്നും ലാപ്സാകുന്നില്ല.

ഗ്രാമവികസന വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

16 (1412) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി അറിയാമോ ; എങ്കിൽ അതിന്റെ കാലാവധി എന്നുവരെയാണെന്ന് പറയാമോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി ആൾക്കാർ ജോലി ചെയ്ത് വരുന്നുണ്ടോ ; എങ്കിൽ എത്രപേരാണ് ജോലി ചെയ്തുവരുന്നത് ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉള്ള ഭൂരിപക്ഷം ഉദ്യോഗാർത്ഥികളും പ്രായപരിധി കഴിയാറായവരും ഇനി ടെസ്റ്റ് എഴുതാൻ കഴിയാത്തവരും ആണെന്നുള്ള കാര്യം പരിഗണിച്ച്, താൽക്കാലിക നിയമനം നടത്തിയിരിക്കുന്ന വേക്കൻസികൾ ഉൾപ്പെടെ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവുകൾ എല്ലാം പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ ഓരോ ഒഴിവ് വീതം നിലവിലുണ്ട്.

(ബി) വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നുമാണ് ഗ്രാമവികസന വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ ചെയ്യുന്നത്. ടി തസ്തികയിലേക്ക് 17-5-2012 തീയതി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് 3 വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ പ്രസ്തുത റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

(സി) ഉണ്ട്. ഓരാൾ.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly